# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 8081 24.07.2012-ൽ മറുപടിയ്ക്ക്

**ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, പി. ഉബൈദുള്ള<br>,, പി. കെ. ബഷീർ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | കണ്ടൽ കാടുകളുടെ സംരക്ഷണം ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | എ) | ഉണ്ട്. കണ്ടൽ കാടുകളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ വർഷമായ 2010 ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യ ജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 201011 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കണ്ടൽചെടികൾ ഉൽപ്പാദിപ്പിക്കുകയും അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താൽപര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിശ്ചിത തുക പാരിതോഷികമായി നൽകുക, കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സ്വഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടപ്പിലാക്കിവരുന്നത്. |
| ബി) | ദേശാടന പക്ഷി സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ബി) | ദേശാടന പക്ഷി സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് ഈ പദ്ധതിയിൽ ഇപ്പോൾ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ